# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 921** **20/03/2012 ൽ മറുപടിക്ക്**

## അന്താരാഷ്ട്ര നിലവാരത്തിലുള്ള പാഠ്യപദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | ശ്രീ.പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ജനീവ ആസ്ഥാനമായുള്ള ഇന്റർനാഷണൽ ബാക്കലറേറ്റിന്റെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളിൽ അന്താരാഷ്ട്ര നിലവാരമുള്ള പാഠ്യപദ്ധതി നടപ്പിലാക്കാനുള്ള സി.ബി.എസ്.ഇ. നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ജനീവ ആസ്ഥാനമായുള്ള ഇന്റർ നാഷണൽ ബാക്കലറേറ്റ് ഉയർന്ന ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള ഒരു അന്താരാഷ്ട്ര ഏജൻസിയാണ്. അന്താരാഷ്ട്ര സിലബസ് പ്രകാരമാണ് പഠനത്തിന് അവസരം ഒരുക്കുന്നത്. ഇന്ത്യയിലും ചില അംഗീകൃത വിദ്യാലയങ്ങളിൽ ഇതു നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സി.ബി.എസ്.ഇ ഈ സിലബസ് നടപ്പാക്കാൻ നിർദ്ദേശം കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ; | ബി) ദേശീയ പാഠ്യപദ്ധതി കാഴ്ചപാടുകൾക്കനുസരിച്ച് കേരളം നമ്മുടേതായ പാഠ്യപദ്ധതി രൂപപ്പെടുത്തിയാണ് പഠനത്തിന് അവസരം ഒരുക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച് ഇതുവരെ തീരുമാനമായിട്ടില്ല. |
| സി) പദ്ധതി നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മലബാർ മേഖലയ്ക്ക് മുൻഗണന നൽകുമോ? | സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ